**ഏലിയ-സ്ലീവാ-മൂശാക്കാലം നാലാം ഞായർ - 2016 സെപ്തംബർ 11**

(മത്താ. 4: 12-17)

**വചനസന്ദേശം: റവ. ഫാ. മാർട്ടിൻ എടയന്ത്രത്ത്**

ലക്ഷ്യം നമ്മെ കണ്ടെത്തുന്നു...

കൊളംബസ് അമേരിക്ക കണ്ടെത്തിയത്, റേഡിയോ ആക്ടിവിറ്റി, പെനിസിലിൻ, ബിഗ്ബാംഗ് സിദ്ധാന്തം എന്നു തുടങ്ങി ചരിത്രത്തിലെ പല പ്രധാന ഗവേഷണ ഫലങ്ങളും അവിചാരിതമായി വന്നുഭവിച്ചതാണ്. പരിശ്രമങ്ങളെ മറന്നുകൊണ്ടല്ല ഇത് പറയുന്നത്. നമ്മുടെ ജീവിതത്തിലും സ്വയം നേടിയെടുത്തു എന്നതിനെക്കാൾ പലതും വന്നു ഭവിക്കുകയായിരുന്നു എന്ന് പിൽക്കാലത്ത് തോന്നാറില്ലേ? പത്രോസും കൂട്ടരും യേശുവിനെ കണ്ടെത്തിയതിനെക്കാൾ യേശു അവരെ കണ്ടെത്തുകയായിരുന്നു. അല്ലെങ്കിലും ശിഷ്യനെ തേടി ഏത് ഗുരുവാണ് ദേശാടനം നടത്തിയിട്ടുള്ളത്? അങ്ങനെ എങ്കിൽ അതിന് പ്രകൃത്യതീത ഭാവമുണ്ട്. സ്വർഗ്ഗം തന്റെ ശിഷ്യരെ തേടുന്നു. കണ്ടെത്തുന്നു. നമ്മൾ ലക്ഷ്യം കണ്ടെത്തുന്നതിനെക്കാൾ ലക്ഷ്യം നമ്മെ കണ്ടെത്തുന്നതുപോലെ! നമ്മുടെ ആത്മീയജീവിതത്തിന്റെ വരൾച്ച മാറാൻ ഇങ്ങനെ ഒരു ബ്ലസിംഗ് സംഭവിച്ചേ തീരു.

അബ്രാഹമോ മോശയോ ദാവീദോ മറിയമോ ആരായാലും വചനമായും പ്രകാശമായും ദൂതരായും ചെന്ന് ദൈവം അവരെ കൂട്ടു ചേർക്കുകയായിരുന്നു. ബൈബിൾ മനുഷ്യരുടെ കൂട്ട് ആഗ്രഹിക്കുന്ന ദൈവത്തിന്റെ കഥയാണ്. കൂട്ടു ചിതറി ഓടിയ ജോനയെയും പൗലോസിനെയും അഗസ്റ്റിനെയും ദൈവം പിറകെ ചെന്ന് ഒപ്പംചേർത്തു. "സ്വർഗ്ഗം ഒരു വേട്ടപ്പട്ടിയെ പോലെ ആണ്; അത് എപ്പോഴെങ്കിലും നമ്മുടെ പിറകെ വന്ന് പിടികൂടും." എന്നു പാടിയ ഇംഗ്ലീഷ് കവിയുടെ പേര് ഞാൻ മറന്നുപോയി. സുവിശേഷം യേശു കണ്ടെത്തുന്നവരുടെയും വിളിക്കുന്നവരുടെയും കഥയാണ്. "ഞാൻ എവിടെ വച്ച് എന്റെ ദൈവത്തെ കണ്ടെത്തുന്നുവോ അവിടെ വച്ച് മാത്രമെ എന്റെ ജീവിതം ആരംഭിക്കുന്നു എന്നു പറയാൻ പറ്റൂ" എന്നു പറഞ്ഞത് ബനഡിക്ട് പാപ്പയാണ്. വിളിയുടെ പൂർണ്ണാർത്ഥമാണിത്. ചുരുക്കത്തിൽ ഈ ജീവിതം ദൈവത്തെ കൂട്ടിമുട്ടാനും വിളികേൾക്കാനും രൂപപ്പെട്ടതല്ലേ?

അനുഗമനത്തിലെ അവസാനവാക്ക്....

ആരെയാണ് നമുക്ക് അനുഗമിക്കാൻ പറ്റുന്നത്? വളരെ പ്രായോഗികമായ ചോദ്യം. സ്നേഹിക്കുന്നവരെയെ നമുക്ക് അനുഗമിക്കാൻ പറ്റൂ. ഞാൻ ഉള്ളിൽകൊണ്ടു നടക്കുന്നവരെ പോലെയെ എനിക്ക് വളരാൻ പറ്റൂ. ഞാൻ സ്നേഹിക്കുന്നവരെ ആണ് എന്റെ മുന്നിലോ ചുറ്റിലോ നിലനിർത്തുന്നത്. ദൈവത്തോട് വൈകാരികമായും യുക്തിപരമായും സ്നേഹത്തിലാകുന്നവർക്കുള്ളതാണ് ശിഷ്യത്വം.

യേശുവും ശിഷ്യനും തമ്മിൽ ഒരു student-teacher ബന്ധമല്ല ഉള്ളത് എന്നാണ് എനിക്ക് തോന്നുന്നത്. വിദ്യാർത്ഥിയുടെ കണ്ണ് എപ്പോഴും അദ്ധ്യാപകൻ പറയുന്നതിലും അവ തമ്മിലുള്ള ബന്ധങ്ങളിലും ആയിരിക്കും. തീർത്തും Rational ആയ ഒരു കാര്യം. കർത്താവിൽ നിന്ന് പഠിച്ചെടുക്കേണ്ട 'ടെക്നിക്കുകളോ' അതുവഴി നേടിയെടുക്കേണ്ട ഒരു 'കരിയറോ' ആയിരുന്നില്ല ശിഷ്യർക്ക് ജീവിതം. വിശ്വാസികൾ ഇന്ന് ഒപ്പം നടക്കുമ്പോൾ പഠിച്ചെടുക്കേണ്ട നിയമങ്ങളോ വിശ്വാസ രീതികളോ ചിലപ്പോൾ പടുത്തുയർത്തേണ്ട പാരമ്പര്യമോ അന്തസ്സോ ഒക്കെ ആയിപ്പോകുന്നുണ്ട് ക്രിസ്തീയ ശിഷ്യത്വം. നമുക്ക് വഴിമാറുന്നതിവിടെയാണ്.

ശിഷ്യർ പഠിച്ചത് അനുകരിക്കാനാണ്. ഗുരുവിനെപ്പോലെ ആകാനാണ്. അതിന് വില കൊടുക്കേണ്ടി വന്നു. ഇന്നും അങ്ങനെയൊക്കെത്തന്നെ. അനുകരിക്കാത്തവർക്ക് വില കൊടുക്കേണ്ടിവരില്ല. പഠനം, ആചരണം ഇവയൊക്കെ മതിയാകും. ശിഷ്യൻ വിദ്യാർത്ഥി യല്ല, അവന് പഠിച്ചെടുക്കേണ്ട വിദ്യകളുമില്ല. പക്ഷെ, ഒടുക്കം അവന് പകുത്തു കിട്ടുന്ന ഒന്നുണ്ട്; ക്രിസ്തുവിനെ സ്നേഹിക്കുന്നവനും അവനായി വിലകൊടുക്കുന്നവനും മാത്രം പകുത്ത് കിട്ടുന്ന ഒന്ന്. ക്രിസ്തുവിന്റെ ആത്മാവ്. Follow me എന്നു പറയുമ്പോൾ അവന്റെ ആത്മാവിനെ വാങ്ങാൻ കെല്പുള്ളവരെയാണ് അവൻ തേടുന്നത്.

തെറ്റുകൾ തുടരുന്നിടത്തോളം ഒരു വിദ്യാർത്ഥിയെ അംഗീകരിക്കാൻ അദ്ധ്യാപകന് പറ്റില്ല. പക്ഷെ, ഒരു ഗുരുവിനത് പറ്റും. ബലഹീനതകൾ ഉൾക്കൊള്ളാനും നിനക്കെന്റെ കൃപമതിയെന്ന് ആശ്വസിപ്പിച്ചു കൊണ്ടു നടക്കാനും. എന്റെ പുണ്യങ്ങളും പാപങ്ങളും ആയി ഞാൻ പിൻപറ്റുമ്പോൾ ഏൽക്കാൻ ഒരു ഗുരുവേയുള്ളൂ - ക്രിസ്തു.

മനുഷ്യരെ പിടിക്കാൻ...

മീനിനെ പിടിക്കുന്നത് കൊല്ലാനാണ്. ഇവിടെ മനുഷ്യരെ പിടിക്കാൻ പഠിപ്പിക്കാം എന്ന് വാഗ്ദാനം. മനുഷ്യരെ പിടിക്കുന്നത് രക്ഷിക്കാൻ, സ്നേഹിക്കാൻ, ജീവനുള്ള വരാക്കാൻ. ദൈവം എന്ന അപ്പന്റെ സ്നേഹവീട്ടിലേക്ക് ആകർഷിക്കാൻ. ഇതിന് സ്നേഹിക്കാൻ മാത്രമറിയാവുന്നവർക്കെ കഴിയൂ എന്ന് കർത്താവിനറിയാം. ഈ അപ്പന്റെ സ്നേഹത്തെയും സഹനത്തെയും market ചെയ്യാൻ സിദ്ധാന്തങ്ങൾക്കോ അത്ഭുത ങ്ങൾക്കോ വാക്ചാതുരിക്കോ കഴിയില്ല. സ്നേഹം ശീലിക്കുന്ന കൂട്ടായ്മകൾക്കാണ് കഴി യുന്നത്. കാത്തിരിക്കുന്ന അപ്പൻ, സഹിക്കുന്ന ഒരമ്മ, ക്ഷമിക്കുന്ന ഒരു വികാരി, ഉൾക്കൊ ള്ളുന്ന ഒരു സുഹൃത്ത്, ലാളിത്യമുള്ള ഒരു ബിഷപ് ഇങ്ങനെയുള്ളവരാണ് ഒപ്പമുള്ളതെ ങ്കിൽ ഒരുവന് മനസ്സിലായേക്കാം ദൈവം സ്നേഹമാണെന്ന്.

2015 ഫെബ്രുവരി 27 ന് SAT-7-KIDS എന്ന അറബ് ചാനൽ ആറ് മിനിറ്റ് ദൈർഘ്യമുള്ള ഇന്റർവ്യൂ പുറത്തുവിട്ടു. ഇറാക്കിലെ അഭയാർത്ഥി ക്യാമ്പിൽ കഴിയുന്ന മറിയം ബഹ്നാം എന്ന ഏഴു വയസ്സുകാരിയെ ആണ് ഇന്റർവ്യൂ ചെയ്യുന്നത്. ISIS ഭീകരർ പൂർണമായി നശിപ്പിച്ച 'എർബിൻ' എന്ന ദേശത്തു നിന്ന് ക്യാമ്പിലെത്തിയ ക്രൈസ്തവ പെൺകുട്ടി. അവളുടെ ഉത്തരങ്ങൾക്കൊക്കെ ഒരു ദൈവീകത അനുഭവപ്പെടും. തന്റെ മുസ്ലീം കൂട്ടു കാരെ വിട്ടുപോന്നതിലുള്ള അവളുടെ സങ്കടം... ഭീകരർ അറിവില്ലാതെ ചെയ്യുന്ന പ്രവൃ ത്തിക്ക് ക്ഷമ കൊടുക്കുന്ന വാക്കുകൾ... ദ്വേഷിക്കുന്ന വാക്കല്ല സമാധാനത്തിനായുള്ള പ്രാർത്ഥനയുടെ വാക്കുകളാണ് വേണ്ടത് എന്നുള്ള അവളുടെ അപേക്ഷ. അഭയാർത്ഥി ക്യാമ്പിലെ കുട്ടികളുടെ സങ്കടങ്ങൾ പുറത്തെത്തിക്കുന്ന കുട്ടികളുടെ ചാനലിനെ ഓർത്തുള്ള അഭിമാനം... ദൈവത്തോട് പരാതിയില്ലേ എന്ന് ചോദിക്കുമ്പോൾ... ജീവ നല്ലേ ഏറ്റവും വലുത് അത് ദൈവം കാത്തില്ലേ എന്ന് മറുചോദ്യം. ദൈവത്തെ സ്തുതി ച്ചുകൊണ്ട് അഭയാർത്ഥി ക്യാമ്പിന്റെ ദുരിതത്തിലിരുന്നുള്ള അവളുടെ ഒരു ഗാനം... ഇങ്ങനെ ആണ് വീഡിയോ അവസാനിക്കുന്നത്. മിഡിൽ ഈസ്റ്റിലെ പ്രമുഖ ചാനലുകൾ ഒക്കെ ഈ ഇന്റർവ്യൂ റിപ്പോർട്ട് ചെയ്തു.

കത്തോലിക്കരുടെ ദൈവം സ്നേഹമാണെന്നതിന് നേർ തെളിവുപോലെ ചില ജീവി തങ്ങൾ....

യേശു വിളിക്കുന്നു എന്നെയും നിങ്ങളെയും. അവനുവേണ്ടി മനുഷ്യരെ പിടി ക്കുന്നവരാകാൻ.... പിതാവിന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്നവരാകാൻ....